LIBRARY ARCHIVES Kerala Legislative Assembly

തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുവരുന്നു. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതി കളുടെയും പുരോഗതി Project Status Alert System of KWA - PASK സോഫ്റ്റ്വെയറിലൂടെ വിലയിരുത്തുന്നുണ്ട്. തീരദേശ മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതും, നിർമ്മാണത്തിലിരിക്കുന്നതുമായ, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

**ചാത്തന്നൂർ കുടിവെള്ള പദ്ധതി**

269(1015) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലും നടപ്പിലാക്കി വരുന്ന ചാത്തന്നൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജലവിതരണ ശൃംഖലകളുടെ വിപുലീകരണ പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗര സഭയിലും നടപ്പിലാക്കി വരുന്ന ചാത്തന്നൂർ കുടിവെള്ള പദ്ധതിയിൽ ഏഴ് പാക്കേജുകളാണുള്ളത്. ഇതിൽ പരവൂർ (പാർട്ട്), പൂയപ്പള്ളി, ചിറക്കര, മീനാട് വില്ലേജുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭ ആദിച്ചനല്ലൂർ, പൂതക്കുളം വില്ലേജുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഗ്രാമ പഞ്ചായത്തുകളിലും നഗരസഭയിലും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എത്രത്തോളം പൂർത്തീകരിച്ചുവെന്നും ഇനി എത്രത്തോളം പ്രവൃത്തികൾ അവശേഷിക്കുന്നുവെന്നും വിശദമാക്കാമോ?

മേൽപ്പറഞ്ഞ പദ്ധതികളിലെ ഏഴു പാക്കേജുകളിൽ നാലെണ്ണം പൂർത്തീ കരിച്ചിട്ടുണ്ട്. പരവൂർ നഗരസഭയിൽ 46%-ഉം, ആദിച്ചനല്ലൂർ വില്ലേജിൽ 40%-ഉം, പൂതക്കുളം വില്ലേജിൽ 48%-ഉം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരവൂർ നഗരസഭയിൽ 54%- ഉം ആദിച്ചനല്ലൂർ വില്ലേജിൽ 60%-ഉം പൂതക്കുളം വില്ലേജിൽ 52%-ഉം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(സി) പരവൂർ നഗരസഭയിലും പൂതക്കുളം ഗ്രാമപഞ്ചായത്തിലും ജലവിതരണ ശൃംഖലകളുടെ വിപുലീകരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പരവൂർ നഗരസഭയിലെ പ്രവൃത്തിയിൽ സോയിൽ സ്ട്രാറ്റ മാറിയതിനാലും കരാറിലേർപ്പെട്ട കാലയളവിലേതിനേക്കാൾ പൈപ്പിന്റെ വില അധികരിച്ചതിനാലും പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനാൽ അത് നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂതക്കുളം വില്ലേജിൽ ബന്ധപ്പെട്ട കരാറുകാരൻ പുതുക്കിയ ടൈം ഷെഡ്യൂൾ സമർപ്പിക്കാത്തതിനാൽ ഈ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൂട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

270(1016) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ അടങ്കൽ തുക, പദ്ധതി സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ?

(എ-സി) കൂട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി നേരിടുന്ന തടസ്സങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ 70 കോടി രൂപയുടെയും രണ്ടാം ഘട്ടത്തിൽ 289.54 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ഡി) ഈ പദ്ധതി പൂർത്തീകരിച്ചാൽ കൂട്ടനാടിന് ലഭിക്കുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ?

കൂട്ടനാട് താലൂക്കിൽ പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി,ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണ തോതിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കും.

(ഇ) ഈ പദ്ധതി എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly